## കുഞ്ഞാലി മരയ്ക്കാർമാർ

- കോഴിക്കോട് ഭരണം നടത്തിയിരുന്ന സാമൂതിരിമാരുടെ നാവികപ്പടയുടെ തലവൻമാർ - കുഞ്ഞാലി മരക്കാർമാർ
- കുഞ്ഞാലി മരക്കാർമാരുടെ ആസ്ഥാനം - വടകരയ്ക്കടുത്തുള്ള പുതുപ്പണത്തെ മരക്കാർകോട്ട (കോഴിക്കോട്)
- പോർച്ചുഗീസുകാർക്കെതിരെ കുഞ്ഞാലി മരയ്ക്കാർമാർ സ്വീകരിച്ച യുദ്ധമുറ - ഗറില്ലാ യുദ്ധം (ഒളിപ്പോര്)
- കുഞ്ഞാലി ഒന്നാമൻ എന്ന് അറിയപ്പെടുന്നത് - കുട്ടി ആലി
- 'അടിച്ചിട്ടു കടന്നുകളയുക' എന്ന സമരതന്ത്രം ആവിഷ്കരിച്ചത് - കുട്ടി അലി
- 1524 ൽ കുട്ടി അഹമ്മദ് ആലിയുടെ നേതൃത്വത്തിൽ കോഴിക്കോട് നാവിക സൈന്യം, പോർച്ചുഗീസ് കപ്പലുകൾ അക്രമിക്കുകയും വൻ നാശനഷ്ടം ഉണ്ടാക്കുകയും ചെയ്തു. തുടർന്ന് ഹെൻറിക് മെനസസ്സ് പൊന്നാനി തുറമുഖത്ത് വച്ച് കുട്ടി ആലിയുടെ കപ്പലുകൾ നശിപ്പിക്കുകയും, 1525 ൽ കുഞ്ഞാലിമാരുടെ കൊല്ലത്തെ താവളമായിരുന്ന പന്തലായനി ആക്രമിക്കുകയും ചെയ്തു.
- 1528-ൽ പോർച്ചുഗീസ് നാവികപ്പട ബാർകൂറി നടുത്തുവച്ച് കുട്ടി ആലിയെ പിടികൂടി തടവിലാക്കി
- കുഞ്ഞാലി മരയ്ക്കാർ രണ്ടാമൻ എന്ന് അറിയപ്പെട്ടിരുന്നത് - കുട്ടിപോക്കർ അലി
- കുഞ്ഞാലി മരയ്ക്കാർ രണ്ടാമൻ സ്ഥാനമേറ്റത് - 1531

Ablearns

- സാമൂതിരി കുട്ടി ആലിയുടെ ബന്ധുവായ പച്ചാച്ചി മരയ്ക്കാരുടെയും കെയ്റോവിലെ വ്യാപാരിയായ ആലി അബ്രഹാമിന്റെയും, കുട്ടി ആലിയുടെ മകനായ കുഞ്ഞാലി രണ്ടാമന്റേയും നേതൃത്വത്തിൽ നാവിക സൈന്യത്തെ പുനഃസംഘടിപ്പിച്ചു.
- കുഞ്ഞാലി മരയ്ക്കാരുടെ ആക്രമണം നേരിടാനായി 1531-ൽ പോർച്ചുഗീസുകാർ നിർമ്മിച്ച കോട്ട - ചാലിയം കോട്ട (കോഴിക്കോട്)
- ചാലിയം കോട്ട പണിത പോർച്ചുഗീസ് ഗവർണർ - നുനോ ഡ കുൻഹ
- സാമൂതിരിയുടെ കണ്ഠത്തിലേക്ക് നീട്ടിയ പീരങ്കി' എന്നറിയപ്പെടുന്നത് - ചാലിയം കോട്ട
- കുഞ്ഞാലി മരയ്ക്കാർ മൂന്നാമൻ എന്ന് അറിയപ്പെടുന്നത് - പട്ടുമരയ്ക്കാർ
- പോർച്ചുഗീസുകാരുടെ കൈയിൽ നിന്നും ചാലിയം കോട്ട പിടിച്ചെടുക്കാൻ സാമൂതിരിയെ സഹായിച്ചത് - കുഞ്ഞാലി മരയ്ക്കാർ മൂന്നാമൻ
- സാമൂതിരിയുടെ സൈന്യം പോർച്ചുഗീസുകാരിൽ നിന്നും ചാലിയം കോട്ട പിടിച്ചെടുത്ത് നശിപ്പിച്ചത് എന്നാണ് - 1571
- ചാലിയം കോട്ട തകർത്തത് - കുഞ്ഞാലി മരയ്ക്കാർ മൂന്നാമൻ
- ചാലിയം കോട്ടയിലെ വിജയത്തെ പ്രകീർത്തിച്ച് പതിനാറാം നൂറ്റാണ്ടിൽ ഖാസി മുഹമ്മദ് എഴുതിയ അറബി കാവ്യം - ഫത്ത്ഹുൽ മുബീൻ

Ablearns

- സാമൂതിരിയിൽ നിന്നും പുതുപ്പണത്ത് ഒരു കോട്ടയും പണ്ടകശാലയും നിർമ്മിക്കാൻ അനുമതി നേടിയത് - കുഞ്ഞാലി മൂന്നാമൻ (പട്ടു മരയ്ക്കാർ)
- മരയ്ക്കാർ കോട്ട (പുതുപ്പണം കോട്ട) നിർമ്മിച്ചത് - കുഞ്ഞാലി മരയ്ക്കാൻ മൂന്നാമൻ
- പോർച്ചുഗീസുകാർക്കെതിരെയുള്ള യുദ്ധത്തിലെ യഥാർത്ഥ വീരൻ എന്നറിയപ്പെടുന്നത് - കുഞ്ഞാലി IV (മുഹമ്മദ് അലി)
- 1595 - ൽ കുഞ്ഞാലി നാലാമൻ കുഞ്ഞാലിമാരുടെ തലവനായി
- ഇന്ത്യൻ സമുദ്രങ്ങളുടെ അധിനായകൻ, 'മുസ്ലീങ്ങളുടെ രാജാവ്' എന്നീ ബിരുദങ്ങൾ സ്വീകരിച്ചത് - കുഞ്ഞാലി IV
- കുഞ്ഞാലി മരയ്ക്കാർ നാലാമനെ പോർച്ചുഗീസുകാർ ഗോവയിൽ വച്ച് വധിച്ച വർഷം - 1600
- ഇന്ത്യൻ നാവികസേനയുടെ നേതൃത്വത്തിൽ കുഞ്ഞാലി മരയ്ക്കാർ സ്മാരകം നിർമ്മിച്ചത് - കോട്ടക്കൽ (വടകര)
- കുഞ്ഞാലിമരയ്ക്കാരുടെ സ്മരണാർത്ഥം സ്റ്റാമ്പ് പുറത്തിറക്കിയ വർഷം - 2000

Ablearns